**കേരള കാർഷിക സർവകലാശാല**

**കാർഷിക കോളേജ്, അമ്പലവയൽ**

**അമ്പലവയൽ പി ഓ, വയനാട് – 673593**

**ഇമെയ്ൽ: coaamb@kau.in, dean.coaamb@kau.in; ഫോൺ: 8086260421**

**നമ്പർ: സി ഒ എ/എ–1/2562/2025** **തിയതി: 31/10/2025**

**ടെൻഡർ നോട്ടീസ്**

**ഈ കേന്ദ്രത്തിന്റെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജ്] കീഴിലുള്ള പുരുഷ ഹോസ്റ്റൽ കെട്ടിടത്തിന് അനുബന്ധമായി ട്രസ് മേൽക്കൂരയും സൈഡ് വെന്റിലേഷനും വിറകടുപ്പും സഹിതമുള്ള അടുക്കള കെട്ടിടം സ്ഥാപിക്കുന്ന/നിർമിക്കുന്ന പ്രവൃത്തി നിർവഹിക്കുന്നതിനു താല്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മൽസരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിക്കുന്നു.**

| | |
|---|---|
| ടെൻഡർ വിവരങ്ങൾ | നമ്പർ: സി ഒ എ/എ–1/2562/2025<br>തിയതി: 31/10/2025 |
| ടെൻഡർ ലഭിക്കേണ്ട അവസാന സമയം | 14/11/2025 തിയതി പകൽ 03:00 മണി |
| പരസ്യ ലേല രജിസ്ട്രേഷൻ തുടങ്ങുന്ന സമയം | 14/11/2025 തിയതി പകൽ 03:00 മണി |
| പരസ്യ ലേല രജിസ്ട്രേഷൻ അവസാന സമയം | 14/11/2025 തിയതി പകൽ 03:15 മണി |
| രഹസ്യ ക്വട്ടേഷൻ ലഭിക്കേണ്ട അവസാന സമയം | 14/11/2025 തിയതി പകൽ 03:15 മണി |
| പരസ്യ ലേലം തുടങ്ങുന്ന സമയം | 14/11/2025 തിയതി പകൽ 03:30 മണി |
| ടെൻഡർ തുറക്കുന്ന സമയം | പരസ്യ ലേലത്തിനു ശേഷം |
| രഹസ്യ ക്വട്ടേഷൻ തുറക്കുന്ന സമയം | ടെൻഡർ തുറന്നതിനു ശേഷം |
| ടെൻഡർ ഫീ | 590 രൂപാ<br>[500 രൂപാ ടെൻഡർ ഫീയും<br>90 രൂപാ ജി എസ് റ്റിയും സഹിതം] |
| നിരത ദ്രവ്യം [EMD] | 5000 രൂപാ |
| ടെൻഡർ സമർപ്പിക്കേണ്ട വിലാസം | ഡീൻ, കോളേജ് ഓഫ് അഗ്രികൾച്ചർ,<br>അമ്പലവയൽ, വയനാട് – 673593 |
| **ജോലിയുടെ വിവരണം<br>[അനുബന്ധമായി ചേർത്തിരിക്കുന്നു]** | |

**വ്യവസ്ഥകളും നിർദേശങ്ങളും**

1. കേരള കാർഷിക സർവകലാശാലാ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത ടെൻഡർ ഫോമാണ് ഉപയോഗിക്കേണ്ടത് [വെബ്സൈറ്റ് വിലാസം: http://www.kau.in/tenders]. ടി ഫോമിലെ 1, 2, 10 എന്നീ പേജുകൾ കൃത്യമായും പൂർണമായും പൂരിപ്പിക്കേണ്ടതാണ്.
2. ഈ കോളേജിന്റെ കീഴിലുള്ള പുരുഷ ഹോസ്റ്റലിനു ചേർന്ന് കിച്ചൻ കെട്ടിടം നിർമിക്കുന്ന പ്രവൃത്തി [അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള പ്രവൃത്തി] സാമഗ്രികൾ സ്വയം ലഭ്യമാക്കി നിർവഹിക്കുന്നതിനു ലഭിക്കേണ്ടതായ ഏറ്റവും കുറഞ്ഞ തുകയാണ് രേഖപ്പെടുത്തേണ്ടത്. ടി പ്രവൃത്തിയിൽ ഉൾപ്പെടുന്ന ഏതെങ്കിലും ജോലിക്ക് പ്രത്യേകം നിരക്ക് ആവശ്യമെങ്കിൽ ആയത് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിടം കൈമാറുന്നതിന് ആവശ്യമായ കാലയളവും രേഖപ്പെടുത്തേണ്ടതാണ്.
3. ടെൻഡർ ഫോം അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് **ഹോസ്റ്റലിലെ സൈഡ് കിച്ചൻ നിർമിക്കുന്ന പ്രവൃത്തി ചെയ്തു തരുന്നതിനുള്ള ടെൻഡർ** എന്നും, ടെൻഡർ സമർപ്പിക്കേണ്ട

വിലാസവും, അപേക്ഷകന്റെ ഫോൺ നമ്പർ സഹിതമുള്ള വിലാസവും രേഖപ്പെടുത്തേണ്ടതാണ്.

4 ടെൻഡർ ഫീ [500 രൂപ], അതിന്മേലുള്ള ജി എസ് റ്റി [90 രൂപ], നിരത ദ്രവ്യം [5000 രൂപ] എന്നിവ പണമായോ DEAN, COLLEGE OF AGRICULTURE, AMBALAVAYAL എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന മൂന്നു വ്യത്യസ്ത ഡിമാൻഡ് ഡ്രാഫ്റ്റുകളായോ അടവാക്കേണ്ടതാണ്. ടി ഡിമാൻഡ് ഡ്രാഫ്റ്റുകളുടെ അസൽ, ടെൻഡർ ഫോം സമർപ്പിക്കുന്ന സമയത്ത് ഈ ഓഫിസിൽ ഹാജരാക്കേണ്ടതുമാണ്.

5 ഖണ്ഡിക [1] വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ [Format of agreement to be submitted along with the tender] 200 രൂപാ മൂല്യമുള്ള കേരള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതും ആയത് ടെൻഡർ ഫോമിനൊപ്പം ഹാജരാക്കേണ്ടതുമാണ് [Purchasing Officer: The Dean, College of Agriculture, Ambalavayal, Wayanad – 673593]. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖ [ആധാറിനു മുൻഗണന], ബാങ്ക് അക്കൗണ്ട് എന്നിവയുടെ പകർപ്പുകൾ ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതാണ്. ടെൻഡർ ഫീ, നിരത ദ്രവ്യം, കരാർ പത്രം എന്നിവയും, നിർദേശിച്ചിട്ടുള്ള മറ്റു രേഖകളും സമർപ്പിക്കാത്ത ടെൻഡറുകൾ പരിഗണിക്കുന്നതല്ല.

6 ടെൻഡറുകൾ ഈ ഓഫിസിൽ നേരിട്ടോ മേൽ സൂചിപ്പിച്ച വിലാസത്തിൽ തപാലിലോ സമർപ്പിക്കാവുന്നതാണ്. തപാലിൽ അയക്കുന്ന ടെൻഡറുകൾ നിശ്ചിത സമയത്തിനു മുൻപേ ഈ ഓഫിസിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു മുൻപായി ലഭിക്കാത്തതോ, ഏതെങ്കിലും തരത്തിൽ അപൂർണമോ അവ്യക്തമോ ആയ ടെൻഡറുകളും പരിഗണിക്കുന്നതല്ല.

7 ടെൻഡർ സമർപ്പിക്കുന്ന വ്യക്തിക്കോ/സ്ഥാപനത്തിനോ അല്ലെങ്കിൽ ടിയാൾ രേഖാമൂലം ചുമതലപ്പെടുത്തുന്ന ആൾക്കോ ടെൻഡർ നടപടികളിൽ പങ്കെടുക്കാവുന്നതാണ്. അപ്രകാരം പ്രതിനിധീകരിക്കുന്നവർ മതിയായ തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതും, ടിയാളുടെ നടപടികളിൽ ടെൻഡർ അപേക്ഷകർ ഉത്തരവാദികളാകുന്നതുമാണ്.

8 ടെൻഡർ ഉറപ്പിക്കുന്നതിനായി 14/11/2025 തിയതിയിൽ ആദ്യ ഘട്ടമായി പകൽ 03:30 മണിക്കു പരസ്യ ലേലം നടത്തുന്നതും, തുടർന്ന് ടെൻഡറുകൾ തുറക്കുന്നതും, അതിനു ശേഷം രഹസ്യ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ഈ മൂന്നു ഘട്ടങ്ങളിലുമായി ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്യുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് മറ്റു നിബന്ധനകൾക്കു വിധേയമായി ടെൻഡർ ഉറപ്പിച്ചു നൽകുന്നതാണ്. ഒരു തവണ ടെൻഡർ ഫീയും നിരത ദ്രവ്യവും അടക്കുന്നവർക്ക് മൂന്നു ഘട്ടങ്ങളിലും പങ്കെടുക്കാവുന്നതാണ്.

9 ഖണ്ഡിക [8] പ്രകാരം ടെൻഡർ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി/സ്ഥാപനം, ടെൻഡർ തുകയുടെ അഞ്ചു ശതമാനം തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കേണ്ടതാണ്. ടി തുക പണമായോ DEAN, COLLEGE OF AGRICULTURE, AMBALAVAYAL എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായോ, ടേം ഡെപ്പോസിറ്റ് രശീതി, ബാങ്ക് ഗാരന്റി എന്നിവയായോ അടവാക്കാവുന്നതാണ്. ബാങ്ക് ഗാരന്റി രേഖ ഖണ്ഡിക [1] വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ [Format of bank guarantee for furnishing security deposit] തയാറാക്കേണ്ടതാണ്. ടി വ്യക്തി/സ്ഥാപനം, വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ [Format of agreement to be submitted at the time of supply of items] 200 രൂപാ മൂല്യമുള്ള കേരള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കരാർ പത്രം എന്നിവയുടെ അസലും, പാൻ കാർഡ്, ജി എസ് റ്റി രജിസ്ട്രേഷൻ കാർഡ് എന്നിവയുടെ പകർപ്പുകളും, ടെൻഡർ തുറന്ന തിയതി മുതൽ ഒരാഴ്ചക്കകം ഈ ഓഫിസിൽ ഹാജരാക്കേണ്ടതുമാണ്.

10 ടെൻഡർ ഉറപ്പിച്ചു കിട്ടുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ഈ കേന്ദ്രത്തിൽ നിന്നും അയക്കുന്ന വർക്ക് ഓർഡറിൽ പ്രതിപാദിച്ചിരിക്കുന്ന കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിടം കൈമാറേണ്ടതാണ്.

11 ഈ കേന്ദ്രം മേധാവിയുടെ നിർദേശ പ്രകാരം ആവശ്യമായ എണ്ണം തൊഴിലാളികളെ ഏർപ്പാടാക്കി സമയ ബന്ധിതമായും കാര്യക്ഷമമായും പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ഓവർടൈം ജോലിക്ക് പ്രത്യേക നിരക്ക് അനുവദിക്കുന്നതല്ല.

12 ഏർപ്പാടു ചെയ്യുന്ന തൊഴിലാളികളുടെ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള നിയമപരമായ എല്ലാ പരിരക്ഷകളും വ്യവസ്ഥകളും ടെൻഡർ ലഭിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ ബാധ്യതയാണ്. ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും ഈ കേന്ദ്രമോ സർവകലാശാലയോ ഉത്തരവാദി ആയിരിക്കുന്നതല്ല.

13 ടെൻഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ഏർപ്പടാക്കുന്ന വാഹനങ്ങളോ തൊഴിലാളികളോ കാരണമായി ഈ കേന്ദ്രത്തിന്റെ സ്ഥാവര – ജംഗമ സ്വത്തുക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ നേരിടേണ്ടിവരുന്നപക്ഷം ആയത് ടെൻഡർ ലഭിക്കുന്നവരിൽ നിന്നും സർക്കാർ നിയമങ്ങൾ പ്രകാരം ഈടാക്കുന്നതാണ്.

14 ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും ടെൻഡറുകൾ തള്ളിക്കളയുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം ഈ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്. അത്തരം കാര്യങ്ങളിലുള്ള കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

15 DEAN, COLLEGE OF AGRICULTURE, AMBALAVAYAL എന്ന പേരിൽ ഇൻവോയ്സ് തയാറാക്കി ഹോസ്റ്റൽ അസിസ്റ്റന്റ് വാർഡനു സമർപ്പിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകേണ്ടതായ തുക കണക്കാക്കി അതതു കാലങ്ങളിലുള്ള സർക്കാർ - സർവകലാശാലാ നിർദേശങ്ങൾ പ്രകാരമുള്ള നികുതികൾ ഈടാക്കിയ ശേഷമുള്ള തുക ടെൻഡർ ലഭിക്കുന്നവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതുമാണ്.

16 ടെൻഡറുകളുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെയും, കേരള കാർഷിക സർവകലാശാലയുടെയും എല്ലാ നിയമങ്ങളും നിബന്ധനകളും നിർദേശങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്.

17 ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ടെൻഡർ തുറക്കാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെൻഡർ തുറക്കുന്നതാണ്.

18 ഈ ടെൻഡറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ ഓഫിസ് സമയത്തു നേരിട്ടോ 04936 – 260421, 9495552825, 9497317898 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്

ഡീൻ

ഡീൻ
കോളേജ് ഓഫ് അഗ്രികൾച്ചർ
കേരള കാർഷിക സർവകലാശാല
അമ്പലവയൽ, വയനാട് – 673 593

സ്വീകർത്താക്കൾ:

ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ്, കേരള കാർഷിക സർവകലാശാല
[കെ എ യു വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി]
നോട്ടീസ് ബോർഡ് [ആർ എ ആർ എസ്, ഫാം ഓഫിസ്, കെ വി കെ, അമ്പലവയൽ പഞ്ചായത്ത് ഓഫിസ്, അമ്പലവയൽ വില്ലേജ് ഓഫിസ്, അമ്പലവയൽ കൃഷി ഭവൻ]
ശ്രീ നജീബ് നടുത്തൊടി, അസിസ്റ്റന്റ് പ്രൊഫസർ/ഫാം സൂപ്രണ്ട്/ഫയൽ

അനുബന്ധം

| ജോലിയുടെ വിവരണം | | |
|---|---|---|
| **Sl No** | **Scope of work and specification** | **Approximate area/ unit** |
| 1 | Earth work in excavation by mechanical means (Hydraulic excavator) /manual means in foundation trenches or drains (not exceeding 1.5 m in width or 10 sqm on plan), including dressing of sides and ramming of bottoms, lift up to 1.5 m, including getting out the excavated soil and disposal of surplus excavated soil as directed, within a lead of 50 m. | 2.88 m3 |
| 2 | DRY RUBBLE MASONRY Dry rubble without concrete levelling course 60.7.1 masonry with good quality blasted rubble including packing to compactness to lines and levels cost and conveyance of all materials labour charges etc. complete as per direction of Departmental officers at site foundation | 2.88 m3 |
| 3 | Random rubble masonry: with hard stone in foundation and plinth including levelling up with cement concrete 1:6:12 (1 cement : 6 coarse sand : 12 graded stone aggregate 20 mm nominal size) up to plinth level with: Cement mortar 1:6 (1 cement : 6 coarse sand) | 3.35 m3 |
| 4 | Reinforced cement concrete work in beams, suspended floors, roofs, having slope up to 15degree, landings, balconies, shelves, chajjas, lintels, bands, plain window sills, staircases and spiral stair cases up to floor five level excluding the cost of centering, shuttering, finishing and reinforcement, with 1:1.5:3 (1 cement | 0.69 m3 |
| 5 | Reinforcement for rcc works. cut, bent and tied in position ah cost of materials, conveyance and labour charges etc complete works | 41.40 kg |
| 6 | Solid block masonry using pre cast solid blocks (Factory made) of size 40x20x15cm or nearest available size confirming to IS 2185 part I of 1979 for super structure up to floor two level with thickness 15cm in: CM 1:6 ( 1 cement : 6 coarse sand etc complete | 2.46 m3 |
| 7 | Providing and laying in position cement concrete of specified grade excluding the cost of centering and shuttering - All work up to plinth level:4.1.8 1:4:8 (1 cement : 4 coarse sand : 8 graded stone aggregate 40 nominal size) | 2.61 m3 |
| 8 | Steel work in built up tubular (round, square or rectangular hollow tubes etc.) trusses etc., including cutting, hoisting, fixing position and applying a priming coat of approved steel primer, including welding and bolted with special shaped washers etc. complete. Hot finished welded type tubes | 237.92 kg |
| 9 | Profile sheet 3.50 mm size roofing including cost of labour and materials etc. | 40.80 sqm |
| 10 | 12 mm cement plaster of mix:1:4 ( 1 cement : 4 fine sand) | 38.31 |
| 11 | 12 mm cement plaster finished with a floating coat of neat cement of mix | 37.47 m2 |

കേരള കാർഷിക സർവകലാശാല * കാർഷിക കോളേജ് * അമ്പലവയൽ, വയനാട് - 673593

ഡീൻ
കോളേജ് ഓഫ് അഗ്രികൾച്ചർ
കേരള കാർഷിക സർവകലാശാല
അമ്പലവയൽ, വയനാട് - 673 593